15 -ാം കേരള നിയമസഭ

14 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3581 08-10-2025 - ൽ മറുപടിയ്ക്ക്

സർക്കാർ ഭൂമിയുടെ പാട്ടതുക പുതുക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഭൂമി പാട്ടത്തിനു നൽകിയ വകയിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള തുക ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (എ) | സർക്കാർ ഭൂമി പാട്ടത്തിനു നൽകിയ വകയിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള തുക ഈടാക്കുന്നതിനും സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിക്കപ്പെട്ടിട്ടുള്ളതും പാട്ടക്കാലാവധി കഴിഞ്ഞു കൈവശം വച്ചിരിക്കുന്നതുമായ സർക്കാർ ഭൂമികളിൽ പാട്ടക്കുടിശ്ശിക നിലവിലുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നിയമാനുസൃത നോട്ടീസ് നൽകുകയും സ്ഥാപന ങ്ങൾ തുക ഒടുക്ക് വരുത്താത്ത പക്ഷം കക്ഷിക്കെതിരെ 1968 ലെ റവന്യൂ റിക്കവറി നിയമ പ്രകാരമുള്ള നടപടികളിലൂടെ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.<br><br>കൂടാതെ, പാട്ടം റദ്ദ് ചെയ്ത 1958 ലെ കേരള ഭൂമി സംരക്ഷണ ചട്ടങ്ങൾ പ്രകാരം ഭൂമി സർക്കാർ അധീനതയിലേക്ക് തിരികെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കുടിശ്ശികയായ ലീസ് തുകയുടെ നിശ്ചിത ശതമാനം ഒടുക്കി കടിശ്ശിക തീർപ്പാക്കുന്നതിനുള്ള ആംനസ്റ്റി പദ്ധതി ഏർപ്പെടുത്തുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്. |
| (ബി) | പാട്ട വ്യവസ്ഥകൾ ലംഘിച്ചവരിൽ നിന്നും സ്ഥലം ഏറ്റെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | സർക്കാർ ഭൂമി പാട്ടത്തിനു നൽകിയ വകയിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള തുക ഈടാക്കുന്നതിനും സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിക്കപ്പെട്ടിട്ടുള്ളതും പാട്ടക്കാലാവധി കഴിഞ്ഞു കൈവശം വച്ചിരിക്കുന്നതുമായ സർക്കാർ ഭൂമികളിൽ പാട്ടക്കുടിശ്ശിക നിലവിലുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നിയമാനുസൃത നോട്ടീസ് നൽകുകയും സ്ഥാപന ങ്ങൾ തുക ഒടുക്ക് വരുത്താത്ത പക്ഷം |

| | | | |
|---|---|---|---|
| | | | കക്ഷിക്കെതിരെ 1968 ലെ റവന്യൂ റിക്കവറി നിയമ പ്രകാരമുള്ള നടപടികളിലൂടെ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.<br><br>കൂടാതെ, പാട്ടം റദ്ദ് ചെയ്ത 1958 ലെ കേരള ഭൂമി സംരക്ഷണ ചട്ടങ്ങൾ പ്രകാരം ഭൂമി സർക്കാർ അധീനതയിലേക്ക് തിരികെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കുടിശ്ശികയായ ലീസ് തുകയുടെ നിശ്ചിത ശതമാനം ഒടുക്കി കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള ആംനസ്റ്റി പദ്ധതി ഏർപ്പെടുത്തുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്. |
| (സി) | പാട്ടത്തുക കാലാനുസൃതമായി പുതുക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ പുതുക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | സർക്കാർ ഭൂമിയിലെ പാട്ടവ്യവസ്ഥകളും പാട്ടനിരക്കുകളും പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് ലീസ് നയ രൂപീകരണം അന്തിമഘട്ടത്തിലാണ്. എന്ന് മുതലാണെന്ന് നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ